യൂണിറ്റിന് 7 രൂപയിൽ അധികമാണ്. ടി നിരക്ക് വൈദ്യുതി വ്യാപാരികളിൽ നിന്നും ഉല്പാദകരിൽനിന്നും വൈദ്യുതി വാങ്ങുന്നതിന് കരാറിലേർപ്പെട്ടിരിക്കുന്ന നിരക്കിനേക്കാൾ അധികമാണ്. കൂടാതെ വൈദ്യുതി വാങ്ങൽ ചെലവ് യൂണിറ്റൊന്നിന് 5 രൂപയ്ക്കുള്ളിലായിരിക്കണമെന്ന് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിഷ്കർഷിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച കാരണങ്ങളാൽ അത്യാവശ്യ ഘട്ടങ്ങളിൽ മാത്രമേ അതായത് ലോഡ് ഷെഡ്ഡിംഗോ, പവർകട്ടോ ഒഴിവാക്കുന്നതിനുവേണ്ടി മാത്രമേ ടി നിലയങ്ങളിൽനിന്നും വൈദ്യുതി വാങ്ങുകയോ ഷെഡ്യൂൾ ചെയ്യുകയോ ചെയ്യുന്നുള്ളൂ. ആകയാൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കുറഞ്ഞതിന്റെ ഭാഗമായി വൈദ്യുതി ലാഭകരമായി ഉത്പാദിപ്പിക്കുവാനോ ഇത്തരത്തിലുള്ള വൈദ്യുതിയുടെ ഉല്പാദനം വർദ്ധിപ്പിക്കുവാനോ സാധിച്ചിട്ടില്ല. അതുകൊണ്ടുതന്നെ അതിന്റെ ആനുകൂല്യം ഉപഭോക്താക്കൾക്ക് നൽകുവാനും സാധിക്കുന്നില്ല.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ

43 (389) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നും കേരളത്തിൽ ഇപ്പോൾ ലഭ്യമാകുന്ന വൈദ്യുതി എത്രയാണെന്ന് പറയാമോ ;

(ബി) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ വിനിയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഏതെല്ലാം പദ്ധതികളാണ് ഈ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(സി) മാലിന്യ സംസ്കരണം സംസ്ഥാനത്താകമാനം വലിയ പ്രതിസന്ധി സൃഷ്ടിക്കുമ്പോഴും ഊർജ്ജ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി ചേർന്ന് മാലിന്യത്തിൽ നിന്നും ഊർജ്ജോത്പാദനം സാധ്യമാക്കുന്ന പദ്ധതികൾക്ക് അവസരമുണ്ടാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ; ഇത്തരം പദ്ധതികൾക്ക് തുടക്കം കുറിക്കുമോ ?

<u>ഉത്തരം</u>

(എ) അനെർട്ട് ആവിഷ്കരിച്ച് നടപ്പാക്കുന്ന 10000 സൗരഗ്രഹ പദ്ധതിയിലൂടെ ഏകദേശം 7 മെഗാവാട്ട് സ്ഥാപിത ശേഷി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സായ കാറ്റിൽനിന്ന് 34.875 MW-ഉം സൗരോർജ്ജത്തിൽനിന്ന് 0.011 MW ഉം വൈദ്യുതിയാണ് സംസ്ഥാനത്ത് ഇപ്പോൾ ലഭ്യമാകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് ഈ സർക്കാരിന്റെ കാലയളവിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സായ കാറ്റിൽ നിന്നുള്ള 2 വൈദ്യുത പദ്ധതി 1.2MW, സോളാർ പദ്ധതി 11 MW എന്നിവയിൽ നിന്നാണ് വൈദ്യുത ഉൽപ്പാദനം ആരംഭിച്ചത്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി സൗരോർജ്ജ മേഖലയിൽ 10000 സൗരഗൃഹ പദ്ധതിയും സോളാർ ഗ്രിഡ് കണക്ട് പദ്ധതിയും ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഇതിനുപുറമേ വിവിധ കെട്ടിടങ്ങൾ കേന്ദ്രീകരിച്ച് അനെർട്ടിന്റെ സഹായത്തോടെ സൗരോർജ്ജത്തിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന 434.36 കിലോവാട്ട് മൊത്തം ശേഷിയുള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലുമാണ്. കൂടാതെ പാലക്കാട് ജില്ലയിലെ കഴൽമന്ദത്ത് 2 മെഗാവാട്ട് ശേഷിയുള്ള ഒരു സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കാനുള്ള പദ്ധതിയുടെ ടെണ്ടർ നടപടികൾ ആയിട്ടുണ്ട്.

(സി) മാലിന്യ സംസ്കരണത്തോടൊപ്പം വൈദ്യുതോല്പാദനം സാധ്യമാകുന്ന പദ്ധതികളുമായി ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങൾ മുന്നോട്ട് വരുകയാണെങ്കിൽ അതിനാവശ്യമായ എല്ലാ സഹകരണവും ബോർഡ് മുഖേന നൽകാവുന്നതാണ്. മാലിന്യം ശേഖരിക്കുന്നതും അവയിൽനിന്നും ജൈവമാലിന്യങ്ങൾ മാത്രമായി വേർതിരിച്ചെടുക്കുന്നതും പ്രയാസമേറിയ കാര്യമാണ്. കൂടാതെ മാലിന്യം ഒരു സ്ഥലത്ത് ശേഖരിച്ച് അവിടെ വലിയ ഒരു പ്ലാന്റ് സ്ഥാപിക്കുന്നത് പ്രാദേശികമായി ധാരാളം എതിർപ്പുകൾക്ക് ഇടയാക്കുന്ന സാഹചര്യവുമുണ്ട്. ആയതിനാൽ വികേന്ദ്രീകൃത മാർഗ്ഗങ്ങളിൽ കൂടി മാലിന്യങ്ങൾ ഉറവിടങ്ങളിൽത്തന്നെ സംസ്കരിക്കുന്നതാണ് കൂടുതൽ അഭികാമ്യം. ഓരോ വീട്ടിലേയ്ക്കും അടുക്കള മാലിന്യത്തിൽനിന്നും ജൈവ മാലിന്യം വേർതിരിച്ചെടുത്ത് അവ ഉപയോഗിച്ച് പാചകാവശ്യത്തിനുള്ള ഊർജ്ജം ഉത്പാദിപ്പിക്കുന്നതിനുള്ള ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി സബ്സിഡിയോടുകൂടി അനെർട്ട് മുഖേന നടപ്പിലാക്കിവരുന്നു. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ അനെർട്ട് ഇത്തരത്തിലുള്ള 9369 പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുമൂലം പ്രതിവർഷം ഒരു ലക്ഷത്തിലധികം എൽ.പി.ജി. സിലിണ്ടറുകൾ ലാഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ വർഷം സംസ്ഥാന പദ്ധതിയിലും കേന്ദ്ര പദ്ധതിയിലുമായി ഇത്തരത്തിലുള്ള 8200 പ്ലാന്റുകൾ സ്ഥാപിച്ചുവരുന്നു.

വൈദ്യുതിയുടെ പ്രതിദിന ഉപഭോഗം

44 (390) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ പ്രതിദിനം ഉപഭോഗം എത്രയാണ് ; കേരളത്തിലെ ഓരോ വൈദ്യുത നിലയത്തിൽ നിന്നും കഴിഞ്ഞ 6 മാസമായി ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവ്, നിലയം തിരിച്ച് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly